'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4141 24.06.2019 ൽ മറുപടിയ്ക്ക്

<u>വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം</u>

| <u>ചോദ്യം</u><br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.കെ.കുഞ്ഞിരാമൻ | | <u>മറുപടി</u><br>അഡ്വ. കെ. രാജു<br>( വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നികുതിയേതര വരുമാനമാർഗ്ഗങ്ങളിൽ ഒരു പ്രധാന സ്രോതസ്സായി വനങ്ങൾ എപ്രകാരമെല്ലാമാണ് ഉപയോഗപ്പെട്ടുന്നതെന്ന് വിശദമാക്കാമോ;<br>; | (എ) | കേരളത്തിലെ വനങ്ങളിൽ ഉള്ള പ്ലാന്റേഷനുകളിൽ നിന്നും ലഭിക്കുന്ന തടിയുടെ വിൽപ്പനയിലൂടെയും, മുള , ഈറ്റ എന്നിവയുടെ വിൽപ്പനയിലൂടെയും നികുതിയിതര വരുമാനം ലഭിക്കുന്നുണ്ട്. കേരളത്തിലെ വനങ്ങൾ വിവധങ്ങളായ ചെറുകിട വന വിഭവങ്ങളുടെ ഒരു കലവറയാണ്. എന്നാൽ ഇതിൽ നിന്നും സർക്കാരിന് വരുമാനം ലഭിക്കുന്നില്ല. വനാവകാശ നിയമ പ്രകാരം കാട്ടിൽ നിന്നും തടി ഇതര വനവിഭവങ്ങൾ ശേഖരിക്കുന്നത് ആദിവാസികളുടെ അവകാശമാണ്. ഏകദേശം 140 ലേറെ ഇനം തടിയേതര വനവിഭവങ്ങൾ വനത്തിൽ നിന്നും ആദിവാസികൾ ശേഖരിച്ചുവരുന്നു. ആദിവാസികൾ വനത്തിൽ നിന്നും ശേഖരിക്കുന്ന തടിയേതര |

| | | | |
|---|---|---|---|
| | | | ചെറുകിട വനവിഭവങ്ങൾ പട്ടികവർഗ്ഗ സൊസൈറ്റികൾ വഴിയും വനശ്രീ ഇക്കോഷോപ്പുകൾ വഴി മൂല്യവർദ്ധനവ് വരുത്തിയും വിൽപ്പന നടത്തി വരുന്നു. ഇത്തരത്തിൽ വിൽപ്പന നടത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ നല്ലൊരു ശതമാനം അവരുടെ തന്നെ ഉന്നമനത്തിനായി ചെലവഴിക്കുന്നു. കൂടാതെ സാധാരണ ജനങ്ങൾക്ക് വനത്തെ അടുത്തറിയുന്നതിനും , പ്രകൃതി സംരക്ഷണത്തെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ട് നടപ്പാക്കുന്ന പങ്കാളിത്ത ഇക്കോ ടൂറിസം പദ്ധതി വഴിയും ആദിവാസി കൾക്ക് തൊഴിലും വരുമാന വർദ്ധനവും ഉണ്ടാകുന്നു. |
| (ബി) | തടിയിൽ നിന്നും വർഷം തോറും ലഭിക്കുന്ന വരുമാനം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി തടി വിൽപ്പനയിലൂടെ ലഭിച്ച വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.<br>2015-16 - **24089.66** ലക്ഷം രൂപ<br>2016-17 - **25332.89** ലക്ഷം രൂപ<br>2017-18 - **21992.92** ലക്ഷം രൂപ |

| | | | |
|---|---|---|---|
| (സി) | വനവിഭവങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങൾ ഏതെല്ലാമാണ്; | (സി) | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന്റെ കീഴിലുള്ള പട്ടികവർഗ്ഗ സർവ്വീസ് സൊസൈറ്റികളാണ് കേരളത്തിൽ പ്രധാനമായും ചെറുകിട വനവിഭവ വിപണനത്തിലും ശേഖരണത്തിലും യഥാക്രമം പ്രവർത്തിച്ചുവരുന്നത്. കൂടാതെ ഔഷധി എന്ന സ്ഥാപനവും ഔഷധ സസ്യങ്ങളും ചെറുകിട വനവിഭവങ്ങളും അവരുടെ ഉൽപ്പന്നങ്ങളുടെ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചു വരുന്നു. |
| (ഡി) | വനസംരക്ഷണ,വികസന,പരിപാലന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. കേന്ദ്ര - സംസ്ഥാന സർക്കാരിന്റേയും , ടി സർക്കാർ ഏജൻസികളിലൂടെയും ലഭിക്കുന്ന ധനസഹായം ഉപയോഗിച്ച് പങ്കാളിത്ത വനപരിപാലന തത്ത്വത്തിനനുസൃതമായി കേരളത്തിൽ നടപ്പാക്കിവരുന്ന ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി, ദേശീയ വന പരിപാലന പരിപാടി , ദേശീയ ഔഷധസസ്യ ബോർഡിന്റേയും , ദേശീയ ബാംബൂ മിഷന്റേയും വിവധ പദ്ധതികൾ നടപ്പാക്കിയതിലൂടെ പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിൽ ദിനങ്ങളും അതുവഴി അവരുടെ വരുമാന വർദ്ധനവിനും,ജീവിത നിലവാരം ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ